## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1086** **30.10.2019-ൽ മറുപടിക്ക്**

## ഇതരസംസ്ഥാനതൊഴിലാളി ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പ വരുത്തുന്നതിലേക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള മരണാനന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം , ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്ക |

| | |
|---|---|
| | കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. |
| (ബി) ഈ തൊഴിലാളികളിലെ ഭൂരിഭാഗത്തിനും കരാറുകാർ നൽകുന്ന സ്ഥലം ഏറെ വൃത്തിഹീനവും പരിമിതികളും ഉള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്ക്വാഡ് ഇൻസ്പെക്ഷൻ നടത്താറുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിനായി ഇൻസ്പെക്ഷൻ നോട്ടീസ് നൽകുകയും, ആയവ പരിഹരിക്കാത്തപക്ഷം തൊഴിലുടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും, അതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ ടാസ്ക്ഫോഴ്സിന്റെ നേതൃത്വത്തിലും പരിശോധനകൾ നടത്തുകയും മെഡിക്കൽ ക്യാമ്പ് ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമ പ്രകാരം ഇവർക്ക് ലഭ്യമാക്കേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുവേണ്ടി പരിശോധനകളും സ്ക്വാഡ് പരിശോധനകളും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.